നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനത്തിൽ സംസ്കരിക്കാൻ കഴിയുന്നതിലും കൂടുതൽ മാലിന്യം എത്തിച്ചേരുന്നതുമൂലം മാലിന്യം അനിയന്ത്രിതമായ അളവിൽ കൂടിക്കിടക്കുകയും തന്മൂലം ദുർഗന്ധം വമിക്കുകയും മാലിന്യത്തിൽനിന്നും ഊറി ഇറങ്ങുന്ന മലിനദ്രവം ജലാശയങ്ങളിലും മറ്റും ഒഴുകിയെത്തി മലിനപ്പെടുത്തുന്നതുമായ സാഹചര്യം ഉണ്ടായതു കാരണം തദ്ദേശവാസികൾ പല നഗരസഭകളിലും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ എതിർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത പ്ലാന്റിലേയ്ക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനായി വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ശേഖരിച്ച് കേന്ദ്രീകൃത സംവിധാനത്തിൽ കൊണ്ട് വന്ന് പുനരുപയോഗ, പുനഃചംക്രമണത്തിലേയ്ക്ക് ബന്ധപ്പെട്ട റീ-സൈക്ലേഴ്സിന് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾക്കെതിരെ പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് കുറയ്ക്കുന്നതിനായും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിന് പ്രേരണ നൽകാനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഊർജ്ജിതമായ ബോധവൽക്കരണ പ്രവർത്തനം നടത്താനും നടപടി എടുത്തു വരുന്നുണ്ട്.

ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം

12 (*282) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകി ജയിൽ മോചിതരാക്കി നാട്ടിലെത്തിക്കുക, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് യഥാസമയം ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി നിയമ സഹായ പദ്ധതി. നിയമസഹായം ആവശ്യമുള്ള വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ ശ്രദ്ധയിൽപ്പെടുത്തുന്ന കേസുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. നിബന്ധനകൾക്ക് വിധേയമായി ഒരു കേസിന് പരമാവധി 2 ലക്ഷം രൂപയാണ് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളത്. ചൂഷണങ്ങൾക്ക് ഇരയാകുന്ന പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൗൺസിലിംഗ്, മറ്റ് പാരാലീഗൽ സർവ്വീസുകളായ പ്രമാണങ്ങൾ തയ്യാറാക്കൽ, വാദം നടത്തൽ, കരാറുകളുടെ പുനഃപരിശോധന, വ്യവഹാര നടപടികൾക്ക് സഹായം നൽകൽ, ഭാഷാ പരിവർത്തനം മുതലായ സേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതി നോർക്ക വകുപ്പിന്റെ പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക - റൂട്ട്സ് മുഖേനയാണ് നടപ്പിലാക്കുന്നത്. നോർക്ക - റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ, നയതന്ത്രകാര്യാലയങ്ങൾ നിർദ്ദേശിക്കുന്ന നിയമവിദഗ്ധർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രവാസികാര്യ മന്ത്രാലയത്തിന്റെയും സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അർഹരായവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുവേണ്ട പ്രചാരണം നൽകുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പുതുക്കിയ നിബന്ധനകൾ പ്രകാരം സഹായത്തിന് അപേക്ഷിക്കുവാനുള്ള ഫോമിന്റെ മാതൃക നോർക്ക - റൂട്ട്സിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുമായി നോർക്ക വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

പക്ഷിപ്പനിക്കെതിരെ മുൻകരുതലുകൾ

13 (*283) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് എവിടെ ആയിരുന്നു ;

(ബി) പക്ഷിപ്പനി കൂടുതൽ മേഖലയിലേക്ക് പടരാതിരിക്കാൻ പ്രതിരോധ പ്രവർത്തനത്തിനുള്ള കിറ്റുകൾ സജ്ജമാക്കിയിരുന്നുവോ ;

(സി) സംസ്ഥാനത്ത് പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം എന്നീ പ്രദേശങ്ങളിലാണ്.